# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3385      14.10.2011-ൽ മറുപടിക്ക്.

### കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് റോഡ് വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് റോഡ് വികസിപ്പിക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | കൊടുവള്ളി മാനിപുരം റോഡ് പി.ഡബ്ലിയു.ഡി വകുപ്പിന്റെ അധീനതയിലുള്ളതാണ് (ഈ റോഡിന്റെ തുടക്കത്തിലാണ് കൊടുവള്ളി മാർക്കറ്റ്) ആയതിനാൽ പഞ്ചായത്ത് മുൻകൈയ്യെടുത്ത് റോഡിന്റെ വികസനത്തിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| ബി) റോഡ് വികസനത്തിനായി വ്യാപാരി സമൂഹം സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; | ബി) | ഈ റോഡ് പി.ഡബ്ലിയു.ഡി വകുപ്പിന്റെ അധീനതയിലാണ് രേഖാമൂലം വ്യാപാരി സമൂഹം സ്ഥലം വിട്ടുനൽകിയിട്ടില്ലെന്നു കാണുന്നു. |
| സി) സ്ഥലം വിട്ടുനൽകിയപ്പോൾ പഞ്ചായത്ത് നൽകിയ ഉറപ്പുകൾ പാലിക്കാത്തത് മൂലം പുനർ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പറിട്ട് നൽകാത്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | സി) | കെട്ടിട നിർമ്മാണ ചട്ടം പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിച്ചവർക്ക് നമ്പർ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ